തെക്കൻ തിരുവിതാംകൂറിലെ വെടിവയ്പ്.

*631. [19] ശ്രീ. ആർ. ബാലകൃഷ്ണപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരകാര്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തെക്കൻ തിരുവിതാംകൂറിലെ വെടിവയ്പ്പിൽ മൃതിയടഞ്ഞവരുടെ ബന്ധുക്കൾക്കും, മുറിവുമൂലം ആരോഗ്യം നഷ്ടപ്പെട്ടവർക്കും നഷ്ട പരിഹാരം നൽകാൻ ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതിനകം എന്തു നടപടി സ്വീകരിച്ചിട്ടുണ്ട് ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജോൺ) :

(എ & ബി) വെടിയേറ്റ് മരിച്ച ഏഴു പേരിൽ അസനാരു പിള്ള പീരുമുഹമ്മദ്, നാഗൻപിള്ള ചെല്ലപ്പൻപിള്ള, രാമയ്യൻ, പപ്പുപ്പിക്കർ എന്നീ നാലു പേരുടെ അടുത്ത അവകാശികൾക്ക് അഞ്ഞൂറു രൂപ വീതം നൽകുവാൻ ഉത്തരവിട്ടിട്ടുണ്ട്. മറ്റു മൂന്നു പേരുടെ കാര്യം ഗവണ്മെൻറിന്റെ പരിഗണനയിലിരിക്കുന്നു.

പി. എസ്സ്. പി. ഗവണ്മെൻറ് പാസ്സാക്കിയ ഉത്തരവുകൾ.

*632. [20] ശ്രീ. ആർ. ബാലകൃഷ്ണപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇന്നത്തെ ഗവണ്മെൻറ് അധികാരത്തിൽ വന്നതിനുശേഷം മുൻ പി. എസ്സ്. പി. ഗവണ്മെൻറിന്റെ ഏതെങ്കിലും ഉത്തരവുകളെ ക്യാൻസൽ ചെയ്തിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം ;

(സി) ഭേദഗതികൾ ചെയ്തിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ ഏതെല്ലാം ;

(ഈ) സ്റ്റേ ചെയ്തിട്ടുണ്ടോ ;

(എഫ്) ഉണ്ടെങ്കിൽ ഏതെല്ലാം ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) ഉണ്ട്.

(ബി) തിരുവനന്തപുരം ബാർട്ടൻഹിൽ ഗേൾസ് ഹൈസ്കൂൾ മാറ്റുന്നതിനെ സംബന്ധിച്ചുള്ള ഉത്തരവ് റദ്ദു ചെയ്തിട്ടുണ്ട്.

(സി) (ഡി) & (ഈ) ഇല്ല.

(എഫ്) ചോദ്യം ഉദിക്കുന്നില്ല.

അഴിമതി നിവാരണകമ്മീഷൻ.

*633. [28] ശ്രീ. ഡി. വിവേകാനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരകാര്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) അഴിമതിനിവാരണ കമ്മീഷൻ നിയമിക്കാൻ ഈ ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എപ്പോൾ ?

LIBRARY ARCHIVES Kerala Legislative Assembly

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജാൻ) :

(എ) ഉവ്വ്, ഇതു് ഏതു സമ്പ്രദായത്തിൽ വേണമെന്നുള്ള കാര്യം ഇൻഡ്യാ ഗവണ്മെൻറിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ പര്യാലോചനയിൽ ഇരിക്കുകയാണു്.

(ബി) അടുത്ത സെഷനു മുമ്പു തീരുമാനം എടുക്കുവാൻ സാധിക്കുമെന്നു വിശ്വസിക്കുന്നു.

പുതിയ പഞ്ചായത്തുകൾ.

*634. [43] ശ്രീ. പി. കെ. അബ്ദുൽഖാദർ: താഴെ കാണുന്ന ചോദ്യം ബഹു തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഞ്ചായത്തു് ആക്ടു് അനുസരിച്ചു് രൂപീകരിക്കപ്പെട്ടതായ പഞ്ചായത്തുകളിൽനിന്നും, ഏതെങ്കിലും പഞ്ചായത്തിന്റെ ഭാഗങ്ങൾ വിഭജിച്ചോ കൂട്ടിച്ചേർത്തോ പുതിയ പഞ്ചായത്തുകൾ രൂപീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതൊക്കെ പഞ്ചായത്തുകൾ;

(സി) അതിനു ഗവണ്മെൻറിനെ പ്രേരിപ്പിച്ച കാരണങ്ങൾ എന്തെല്ലാം;

(ഡി) കൊടുങ്ങല്ലൂർ താലൂക്കിലെ രണ്ടു പഞ്ചായത്തുകൾ പുനർവിഭജനം നടത്തണമെന്നു ഗവണ്മെൻറിനു നിവേദനം ലഭിച്ചിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ ആ കാര്യം എന്തെന്നു് ഇരിക്കുന്നു?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) ഉണ്ടു്.

(ബി) തിരുനാട്ടു്, തലപ്പിള്ളി എന്നീ പഞ്ചായത്തുകളിലെ ചില ഭാഗങ്ങളും പഞ്ചായത്തു രൂപീകരിക്കുന്നതിനുമുമ്പു് പൂങ്ങോർ, പനച്ചിപ്പുറം എന്നീ ഭാഗങ്ങളും കൂട്ടിച്ചേർത്തു് വലിയകുമാരമംഗലം, തിരുവായി, പൂങ്ങോർ, പനച്ചിപ്പുറം, ഇരുമ്പുപോട്ട എന്നീ നാലു പഞ്ചായത്തുകളായി രൂപീകരിച്ചിട്ടുണ്ടു്.

(സി) തദ്ദേശവാസികളുടെ നിവേദനങ്ങളും പ്രാദേശികാവശ്യങ്ങളും പരിഗണിച്ചു്.

(ഡി) നിവേദനം ലഭിച്ചിട്ടുണ്ടു്.

(ഇ) ഈ കാര്യം ഗവണ്മെൻറിന്റെ ഉത്തേജിതമായ പരിഗണനയിലിരിക്കുകയാണു്.

Timber supply to Industrial Concerns.

*635. [44] **Shri M. P. Menon:** Will the Home Minister be pleased to state :

(*a*) whether it is the policy of Government to give timber to Industrial Concerns in the State at reduced or concessional rate ;

(*b*) whether the Government have given any quantity of timber to the Tata Oil Mills Co. Ltd., Ernakulam ; and

LIBRARY ARCHIVES Kerala Legislative Assembly